**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2345** **14-10-2024 - ൽ മറുപടിയ്ക്ക്**

**പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജനാധിപത്യ മൂല്യങ്ങളും ഭരണഘടനയുടെ പ്രാധാന്യവും പുതുതലമുറയ്ക്ക് പകർന്നുനൽകുന്നതിന് പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ? | (എ) | ജനാധിപത്യമൂല്യങ്ങളും ഭരണഘടനയുടെ പ്രാധാന്യവും പുതുതലമുറയ്ക്ക് പകർന്നു നൽകുന്നതിനായി പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ് (എഫ്.ഡി.എസ്.ജെ) എന്ന പ്ലാറ്റ്ഫോം രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. യൂത്ത്/ മോഡൽ പാർലമെന്റ് മത്സരങ്ങളും, അവയുടെ ഭാഗമായി റിപ്പീറ്റ് പെർഫോമൻസും, ബെസ്റ്റ് പാർലമെന്റേറിയൻ ക്യാമ്പും ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. സർവ്വകലാശാലകൾ, ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾക്കായി ദേശീയ സെമിനാറുകൾ, ശിൽപ്പശാലകൾ തുടങ്ങിയവ ജനാധിപത്യ-ഭരണഘടനാവബോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ വിദ്യാർത്ഥി സമൂഹത്തെ ഓരോ നിയമസഭാ മണ്ഡലത്തിലെയും വികസന പ്രവർത്തനങ്ങളുമായി അടുപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുമായി സംവദിക്കുന്നതിനും അവസരമൊരുക്കുന്ന സ്റ്റുഡന്റ്സ് സഭ എന്ന നൂതന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാന തലത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ സമുചിതമായി ഭരണഘടനാ ദിനാചരണം സംഘടിപ്പിക്കാറുണ്ട്. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി പ്രസംഗ-ഉപന്യാസ-ക്വിസ്സ് മത്സരങ്ങൾ, രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്കായി ഇന്റേൺഷിപ്പ് പ്രോഗ്രാം, ജനാധിപത്യത്തേയും പാർലമെന്ററി സംവിധാനത്തേയും ആധാരമാക്കി അക്കാദമിക വിദഗ്ധരെ പങ്കാളികളാക്കി 'ജേർണൽ ഓഫ് |

| | | | |
|---|---|---|---|
| | | | പാർലമെന്ററി സ്റ്റഡീസ്' എന്ന ജേർണലും ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ